# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1822 | 21.01.2014-ൽ മറുപടിക്ക് |

### 'ചൈൽഡ് റൈറ്റ് കമ്മീഷൻ'

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ചൂഷണ വിമുക്തമായ ശിശു സമൂഹം ഉറപ്പാക്കുന്നതിന് വേണ്ടി ശിശുക്കളുടെ അവകാശം സംരക്ഷിക്കുന്നത് 'ചൈൽഡ് റൈറ്റ് കമ്മീഷൻ' ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ചൈൽഡ് റൈറ്റ് കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി നാളിതുവരെ ഈ സർക്കാർ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ; | (ബി) | 1,36,20,000/- രൂപ (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി ഇരുപതിനായിരം രൂപ) വകയിരുത്തിയിട്ടുണ്ട്. |
| (സി) | നാളിതുവരെ പ്രസ്തുത കമ്മീഷൻ ആരംഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | കേന്ദ്ര നിയമമായ 'ദി കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട് 2005'-ന്റെ സെക്ഷൻ 36-ലെ വ്യവസ്ഥയനുസരിച്ച് 04.10.2012-ലെ സ.ഉ.(പി) നമ്പർ 59/2012/എസ്.ഡബ്ല്യൂ.ഡി നമ്പരായി 2012 ഒക്ടോബർ 4-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2001-ൽ എസ്.ആർ.ഒ. നമ്പർ 700/12 പ്രകാരം സംസ്ഥാന സർക്കാർ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസ്, 2012 പുറപ്പെടുവിക്കുകയും തുടർന്ന് ഈ നിയമത്തിലെയും ചട്ടങ്ങളിലെയും |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകളനുസരിച്ച് സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് രൂപീകരിക്കുകയുമുണ്ടായി. 23.05.2013-ലെ സ.ഉ(പി) നമ്പർ 44/2013/എസ്.ജെ.ഡി. പ്രകാരം കമ്മീഷൻ അദ്ധ്യക്ഷയെ സർക്കാർ നിയമിക്കുകയും 03.06.2013 മുതൽ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്ന് കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരേയും ആറു മുഴുവൻ സമയ കമ്മീഷൻ അംഗങ്ങളേയും നിയമിക്കുകയുണ്ടായി. |
| (ഡി) | എന്ത് തുക ഇതുമായി ബന്ധപ്പെട്ട് ചെലവഴിച്ചുവെന്നും ഏതെല്ലാം ഇനത്തിലാണ് ആയത് ചെലവിട്ടതെന്നും വ്യക്തമായി വിശദമാക്കുമോ; | (ഡി) | ശമ്പള ഇനത്തിൽ 15,90,532/- രൂപയും (പതിനഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ). ശമ്പളേതരയിനത്തിൽ 26,69,839/- രൂപയും (ഇരുപത്തിയാറ് ലക്ഷത്തി അറുപത്തൊൻ പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയൊൻ പത് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | സമയബന്ധിതമായി 'ചൈൽഡ് റൈറ്റ് കമ്മീഷൻ' ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (ഇ) | ചോദ്യം ഉദിക്കുന്നില്ല. |

Jayaram

സെക്ഷൻ ഓഫീസർ